**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 923** **31-01-2024 - ൽ മറുപടിയ്ക്ക്**

**ശബരിമലയിലെ അരവണ ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീമതി ഉമ തോമസ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മകരവിളക്ക് ഉത്സവത്തിന് നടതുറന്നതിന് പിന്നാലെ ശബരിമലയിലെ പ്രധാന വഴിപാടായ അരവണയുടെ ക്ഷാമം രൂക്ഷമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ; | (എ) | കണ്ടെയ്നർ ക്ഷാമം കാരണം പ്രസാദ വിതരണത്തിൽ നിയന്ത്രണം ഏർപ്പെടുത്തേണ്ടതായി വന്നിരുന്നു. ഭക്തർക്ക് പ്രസാദം ലഭിക്കാത്ത സാഹചര്യം ഉണ്ടാകാതിരിക്കുന്നതിനായാണ് അരവണ വിതരണത്തിൽ ചെറിയ നിയന്ത്രണം ഏർപ്പെടുത്തിയത്. |
| (ബി) | അരവണ ക്ഷാമം രൂക്ഷമായതോടെ പ്രസാദ വിതരണത്തിൽ കടുത്ത നിയന്ത്രണം ഏർപ്പെടുത്തിയ സാഹചര്യം ഉണ്ടായിരുന്നോ എന്ന് വ്യക്തമാക്കാമോ; | (ബി) | കണ്ടെയ്നർ ക്ഷാമം കാരണം പ്രസാദ വിതരണത്തിൽ നിയന്ത്രണം ഏർപ്പെടുത്തേണ്ടതായി വന്നിരുന്നു. ഭക്തർക്ക് പ്രസാദം ലഭിക്കാത്ത സാഹചര്യം ഉണ്ടാകാതിരിക്കുന്നതിനായാണ് അരവണ വിതരണത്തിൽ ചെറിയ നിയന്ത്രണം ഏർപ്പെടുത്തിയത്. |
| (സി) | അരവണ ക്ഷാമം പരിഹരിക്കാൻ സ്വീകരിച്ച നടപടികളും വരും വർഷങ്ങളിൽ അരവണ വിതരണം കാര്യക്ഷമമാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളും വിശദമാക്കാമോ? | (സി) | കണ്ടെയ്നർ ക്ഷാമം മറികടക്കുന്നതിനായി ഭക്തർക്ക് നൽകുന്ന പ്രസാദത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയെങ്കിലും തുടർന്ന് അടിയന്തരമായി മറ്റൊരു ഏജൻസി വഴി കണ്ടെയ്നർ വാങ്ങി ക്ഷാമം പരിഹരിച്ചിരുന്നു. വരും വർഷങ്ങളിൽ അരവണ വിതരണം കാര്യക്ഷമമാക്കുന്നതിനായി ക്ഷാമം അനുഭവപ്പെടാൻ സാധ്യതയുള്ള ശർക്കര, കണ്ടെയ്നർ എന്നിവ കാലേക്കൂട്ടി സ്റ്റോക്ക് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ